പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 303

# 2010-ലെ കേരള അവശ്യസാധന നിയന്ത്രണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 303

# 2010-ലെ കേരള അവശ്യസാധന നിയന്ത്രണ (ഭേദഗതി) ബിൽ

58/2010.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 303

# 2010-ലെ കേരള അവശ്യസാധന നിയന്ത്രണ (ഭേദഗതി) ബിൽ

## 1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അറുപത്തി ഒന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള അവശ്യസാധന നിയന്ത്രണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്റ്റിന്റെ (1986-ലെ13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ "1955-ലെ അവശ്യസാധന ആക്റ്റിൽ (1955-ലെ10-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ച പ്രകാരമുള്ള ഒരു അവശ്യസാധനമല്ലാത്തതും ഒരു അവശ്യസാധനമായി സർക്കാർ, വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവുവഴി പ്രഖ്യാപിക്കപ്പെടാവുന്നതുമായ ഏതെങ്കിലും സാധനം" എന്ന വാക്കുകൾക്കുപകരം "ഒരു അവശ്യസാധനമായി സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവുവഴി പ്രഖ്യാപിച്ചേക്കാവുന്നതും സംസ്ഥാന നിയമസഭയ്ക്ക് അതിനെ സംബന്ധിച്ച് നിയമമുണ്ടാക്കാൻ അധികാരമുള്ളതുമായ ഏതെങ്കിലും സാധനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിനുശേഷം, ഇനിപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായതത്:—

"14എ. ആക്റ്റിന്റെ അതിപ്രഭാവം.—1955-ലെ അവശ്യസാധന ആക്റ്റിലോ (1955-ലെ 10-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവുകളിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവുകൾക്കോ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്റ്റിന്റെ 2 (എ) വകുപ്പ് "അവശ്യസാധനം" എന്ന പദത്തെ "1955-ലെ അവശ്യസാധന ആക്റ്റിൽ (1955-ലെ 10-ാം കേന്ദ്ര ആക്റ്റ്) നിർവചിച്ച പ്രകാരമുള്ള ഒരു അവശ്യസാധനമല്ലാത്തതും ഒരു അവശ്യ സാധനമായി സർക്കാർ, വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവുവഴി പ്രഖ്യാപിക്കാവുന്നതുമായ ഏതെങ്കിലും സാധനം" എന്ന് നിർവ്വചിച്ചിരിക്കുന്നു. ഏതൊരു വ്യാപാരിക്കും, ഗോതമ്പ്, നെല്ല്/അരി, പയർവഗ്ഗങ്ങൾ, പഞ്ചസാര, ഭക്ഷ്യയോഗ്യ എണ്ണകൾ മുതലായവ യുടെ എത്രയെങ്കിലും അളവ് സ്വതന്ത്രമായി വാങ്ങാവുന്നതും, സ്റ്റോക്ക് ചെയ്യാവുന്നതും, വിൽപ്പന നടത്താവുന്നതും, കൊണ്ടു പോകാവുന്നതും, വിതരണം ചെയ്യാവുന്നതും, കയ്യൊഴിക്കാവുന്നതും, ആർജ്ജിക്കാവുന്നതും, ഉപയോഗിക്കാവുന്നതും അല്ലെങ്കിൽ ഉപഭോഗിക്കാവുന്നതും ആണെന്നും 1955-ലെ അവശ്യസാധന ആക്റ്റിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവ് പ്രകാരം ആയതിലേക്ക് ഒരു പെർമിറ്റോ ലൈസൻസോ ആവശ്യമില്ലാത്തതാണെന്നും പ്രഖ്യാപിച്ചുകൊണ്ട് 15-2-2002 തീയതിയിലെ ജി. എസ്. ആർ. 104 (ഇ) പ്രകാരം '2002-ലെ വിനിർദ്ദേശിച്ചിട്ടുള്ള ആഹാര പദാർത്ഥ ങ്ങളുടെ (ലൈസൻസിനുള്ള ആവശ്യകോപാധികളും സ്റ്റോക്ക് പരിമിതികളും കൊണ്ടുപോ കുന്നതിനും വരുന്നതിനുമുള്ള നിയന്ത്രണങ്ങളും) നീക്കം ചെയ്യൽ' ഉത്തരവ് ഭാരത സർക്കാർ പുറപ്പെടുവിച്ചു. പൊതു വിപണിയിൽ അവശ്യസാധനങ്ങളുടെ സ്വതന്ത്രമായ നീക്കം അനുവദിച്ചുകൊണ്ട് വില വർദ്ധനവ് തടയുക എന്നതായിരുന്നു ഭാരത സർക്കാ രിന്റെ ലക്ഷ്യം. തൽഫലമായി എല്ലാ ലൈസൻസിംഗ് ഉത്തരവുകൾക്കും പ്രാബല്യമില്ലാ തായി. പ്രസ്തുത ഉത്തരവിലെ പഴുതുകൾ ചൂഷണം ചെയ്തുകൊണ്ട് അനിയന്ത്രിതമായ വിലക്കയറ്റത്തിലേക്ക് നയിക്കുന്ന അവശ്യസാധനങ്ങളുടെ കരിഞ്ചന്തയ്ക്കും, പൂഴ്ത്തി വയ്പിനും, കള്ളക്കടത്തിനും കേരളം ഉൾപ്പെടെയുള്ള മിക്കവാറും എല്ലാ സംസ്ഥാന ങ്ങളും സാക്ഷിയാകേണ്ടി വന്നു. ഈ പശ്ചാത്തലത്തിലാണ് ഭാരത സർക്കാർ ഗോതമ്പി ന്റെയും പയർ വർഗ്ഗങ്ങളുടെയും മേലുള്ള നിയന്ത്രണം പുനഃസ്ഥാപിക്കുകയും ഈ ഉത്തരവിന്റെ പ്രാബല്യം ഒറ്റയടിക്ക് ആറ് മാസത്തേക്ക് നീട്ടുകയും ചെയ്തത്. എന്നിരു ന്നാലും, 31-8-2008 വരെ മാത്രമേ ഈ ഉത്തരവിന് പ്രാബല്യമുണ്ടായിരുന്നുള്ളൂ.

ഈ അവസരത്തിലാണ്, അവശ്യസാധനങ്ങളുടെ സുഗമമായ നീക്കവും നീതി പൂർവ്വമായ വിതരണവും ഉറപ്പാക്കുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ നടപടി വഴി പൂഴ്ത്തിവെയ്പും തൽഫലമായുള്ള വിലക്കയറ്റവും തടയാൻ കഴിയുന്നതാണ്.

1955-ലെ അവശ്യസാധന ആക്റ്റിൽ (1955-ലെ 10-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ചിട്ടുള്ള അവശ്യസാധനങ്ങളെ 1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ, പ്രസ്തുത ആക്റ്റിലെ 2 (എ) വകുപ്പിൻ കീഴിലുള്ള "അവശ്യസാധനങ്ങൾ" എന്ന പദത്തിന്റെ വ്യാപ്തി ഒരു ഭേദഗതിവഴി വിപുലമാക്കിയാൽ മാത്രമേ അരി, ഗോതമ്പ് മുതലായവ പോലുള്ള അവശ്യസാധന ങ്ങളെ, അവശ്യസാധനങ്ങളായി വിജ്ഞാപനം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി, 1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്റ്റിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.



## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എളമരം കരീം

## 1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1986-ലെ 13-ാം ആക്റ്റ്)

** ** **

2. <u>നിർവ്വചനങ്ങൾ</u>.— ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അവശ്യസാധനം" എന്നാൽ, 1955-ലെ അവശ്യസാധന ആക്റ്റിൽ (1955-ലെ 10-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ച പ്രകാരമുള്ള ഒരു അവശ്യസാധനമല്ലാത്തതും ഒരു അവശ്യസാധനമായി സർക്കാർ, വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവുവഴി പ്രഖ്യാപിക്കപ്പെടാവുന്നതുമായ ഏതെങ്കിലും സാധനം എന്നർത്ഥമാകുന്നു ;

** ** **

14. <u>ഉത്തമവിശ്വാസത്തോടെ എടുത്ത നടപടിക്ക് സംരക്ഷണം</u>.—(1) 3-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനനുസൃതമായി ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച്, ഏതെങ്കിലും ആൾക്ക് എതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റു നിയമനടപടിയോ സ്വീകാര്യമായിരിക്കുന്നതല്ല.

(2) (3)-ാം വകുപ്പുപ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനനുസൃതമായി ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും സംഗതി കാരണമായി ഉണ്ടായിട്ടുള്ളതോ അഥവാ ഉണ്ടാകാൻ സാദ്ധ്യതയുള്ളതോ ആയ ഏതെങ്കിലും നഷ്ടം സംബന്ധിച്ച് സർക്കാരിനെതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടിയോ സ്വീകാര്യമായിരിക്കുന്നതല്ല.

** ** **